**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : Seeram Sambasiva Rao IAS)

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - പായിപ്ര ഗ്രാമപഞ്ചായത്ത് ഹെഡ്ക്ലാർക്ക് /സീനിയർ എക്സ്റ്റൻഷൻ ഓഫീസറായ ശ്രീ അഫ്സൽ. എ.- യുടെ സ്ഥലമാറ്റം -ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൻറെ 30/08/2024 തിയതിയിലെ OA-1360/2024 നമ്പർ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ് നമ്പർ LSGD/PD/59173/2023-DEB3-Part(2) തീയതി: 27-10-2024

പരാമർശം:
1) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20/08/02024 തിയതിയിലെ LSGD/PD/6478/2023/DED1-(Part(1) നമ്പർ ഉത്തരവ്.
2) ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 30/08/2024 തിയതിയിലെ OA-1360/2024 നമ്പർ ഉത്തരവ്.
3) സർക്കാരിന്റെ 19/10/2024 തിയതിയിലെ LSGD-ERA1/124/2024-LSGD നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിൽ ആര്യാട് ബ്ലോക്ക്പഞ്ചായത്തിലെ ഹെഡ്ക്ലാർക്ക്/സീനിയർ എക്സ്റ്റൻഷൻ ഓഫീസറായ ശ്രീ അഫ്സൽ. എ-ക്ക് സ്ഥലമാറ്റം നൽകി എറണാകുളം ജില്ലയിലെ പായിപ്ര ഗ്രാമപഞ്ചായത്തിൽ നിയമിച്ചു പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവിനെതിരെ ശ്രീ അഫ്സൽ. എ, ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ മുമ്പാകെ ഫയൽ ചെയ്ത OA-1360/2024 നമ്പർ കേസിൻമേലുള്ള പരാമർശം (2) അന്തിമവിധിയുടെ അടിസ്ഥാനത്തിൽ ടിയാന് സൗകര്യപ്രദമായ സ്റ്റേഷനുകളിൽ സ്ഥലമാറ്റം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു ബഹു കോടതിവിധി നടപ്പിലാക്കേണ്ടതാണെന്നു പരാമർശം (3) പ്രകാരം സർക്കാർ നിർദ്ദേശിച്ചിരിക്കുന്നു.

മേൽ വിഷയം പരിശോധിച്ചു. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2) ഉത്തരവ് പാലിച്ചുകൊണ്ടും പരാമർശം (3) സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും നിലവിൽ ഹെഡ് ക്ലാർക്ക് / സീനിയർ എക്സ്റ്റൻഷൻ ഓഫീസർ കാറ്റഗറിയിൽ നിന്നും ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം മുഖേന ഉണ്ടായ ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിൽ ശ്രീ അഫ്സൽ. എ-യ്ക്ക് സ്ഥലമാറ്റം അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ബന്ധപ്പെട്ട ഓഫീസ് മേലധികാരി മേൽ ജീവനക്കാരനെ അടിയന്തരമായി വിടുതൽ ചെയ്യേണ്ടതും വിടുതൽ/പ്രവേശന വിവരങ്ങൾ ഈ ഓഫീസിലും ബന്ധപ്പെട്ട മറ്റ് ഓഫീസുകളിലും അറിയിക്കേണ്ടതുമാണ്.

Seeram Sambasiva Rao IAS
PRINCIPAL DIRECTOR

പകർപ്പ്:
1. ബന്ധപ്പെട്ട ജില്ലാ ജോയിൻറ് ഡയറക്ടർമാർക്ക്
2. വ്യക്തിക്ക് (ബന്ധപ്പെട്ട മേലധികാരി മുഖേന)
3. സെക്രട്ടറി, പായിപ്ര ഗ്രാമപഞ്ചായത്ത്, അമ്പലപ്പുഴ ബ്ലോക്ക്പഞ്ചായത്ത്
4. അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
5. LSGD-ERA1 സെക്ഷൻ
6 കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Ajith Kumar M P
Date: 28-10-2024 11:33:49